# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.158

02.03.2020 ൽ മറുപടിയ്ക്ക്

## കായംകുളത്തെ അനധികൃത വാഹന പാർക്കിംഗ്

| ചോദ്യം<br>ശ്രീമതി. യു.പ്രതിഭ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കായംകുളം മണ്ഡലത്തിൽ കായംകുളം-പുനലൂർ റോഡിലും കായംകുളം-തിരുവല്ല റോഡിലും അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ദിനംപ്രതി ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അനധികൃത പാർക്കിംഗ് നിരോധിക്കുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കായംകുളം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെയും, കായംകുളം ഇൻസ്പെക്ടർ എസ്.എച്ച്.ഒ യുടെയും നേതൃത്വത്തിൽ കായംകുളം-തിരുവല്ല റോഡിലെയും, കായംകുളം-പുനലൂർ റോഡിലെയും, കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുന്ന ഭാഗങ്ങളിലെയും അനധികൃത വാഹനപാർക്കിംഗ് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, ബന്ധപ്പെട്ട മറ്റ് വകുപ്പുമായി ചേർന്ന് അനധികൃതമായ പാർക്കിംഗ് നിരോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ